സാധാരണ കണ്ണടവെച്ചാൽ, അതുവെച്ച ആൾക്ക പ്രായം കൂടുതൽ തോന്നുമെന്നും, എന്നാൽ, ലോർഞ്ഞെറ്റിന് ആ ദോഷമില്ലെന്നും ഒരു ഫ്രഞ്ചു നേത്ര ചികിത്സകൻ 1749—ൽ എഴുതിയിട്ടുണ്ടത്രെ.

കണ്ണട വയ്ക്കുന്നവരോട് പലർക്കും പരിഹാസമായിരുന്നു. രണ്ടു വർഷംമുമ്പ്, 1985—ൽ, 'കണ്ണട ഫ്രെയ്മിൻെറ കഷ്ടപ്പാടുകൾ' എന്ന ഒരു പുസ്തകംതന്നെ ആസ്ത്രിയയിലെ വിയന്നയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സാധാരണയായി കണ്ണട ഉപയോഗിക്കുന്നവർ, ഓരോ ദിവസവും ഇരുന്നൂററമ്പതു പ്രാവശ്യത്തോളം അതു് എടുത്തു് ഉയർത്തി വീണ്ടും യഥാസ്ഥാനത്തു വയ്ക്കുമത്രേ. ഇതു ചെയ്യുന്നതിനിടയ്ക്കു് അവർ മുഖം കോട്ടുകയും മൂക്കുചുളിക്കുകയും പല്ലിളിക്കുകയും പുരികം വളയ്ക്കുകയും കഴുത്തു വെട്ടിക്കുകയും, അത്തരം വേറെയും പല ഗോഷ്ഠികളും കാട്ടുകയുംചെയ്യും. കണ്ണട ധരിച്ച നിങ്ങളുടെ സുഹൃത്തുക്കളെ ശ്രദ്ധിക്കുക—ചിരിക്കാൻ നിങ്ങൾക്കു ധാരാളം വക കിട്ടും!

'നാൽക്കണ്ണന്മാർ' എന്നു് അർത്ഥംവരുന്ന പരിഹാസപ്പേരുകൾ കണ്ണട വയ്ക്കുന്നവർക്കു പല രാജ്യങ്ങളിലും നടപ്പുണ്ടായിരുന്നു. പാണ്ഡിത്യത്തിൻെറയെന്നപോലെ വാർധക്യത്തിൻെറയും പ്രതീകമായി കണ്ണട ചിത്രീകരിക്കപ്പെട്ടിരുന്നു. കണിശം, ഗൗരവം മുതലായവയെ പ്രതിനിധാനം ചെയ്യാനും കണ്ണട ഉപയോഗിക്കപ്പെട്ടിരുന്നു.

രാജാജിയെപ്പോലെ ചിലർ—എല്ലാ രാജ്യങ്ങളിലും—ഒരു മുഖംമൂടിയായിട്ടാണു കണ്ണട ഉപയോഗിച്ചുവന്നതു്. പക്ഷേ, ചില ഛായാചിത്രങ്ങളിൽ, കണ്ണുകളുടെ സൗന്ദര്യവും ചിത്രീകൃതവ്യക്തിയുടെ തനിമയും വെളിപ്പെടുത്തുന്നതു് കണ്ണടയാണത്രെ.

ഈ നൂററാണ്ടിൽ കണ്ണടയോടുള്ള മടുപ്പു് ആളുകൾക്കു് ഇല്ലാതെയായിരിക്കുന്നു. ഇപ്പോൾ കണ്ണട, ഒരു ഫാഷൻ ഉപകരണംകൂടി ആയിരിക്കുകയാണു്— പ്രത്യേകിച്ചും പെൺകുട്ടികളുടെ ഇടയിൽ. കണ്ണട ഉപയോഗിച്ചാൽ തങ്ങൾക്കു് ഒരു ടീച്ചറുടെ ഛായ(ടീച്ചർ ലുക്ക്)വരുമെന്നു് ഇപ്പോഴത്തെ പെൺകുട്ടികൾ ഭയപ്പെടുന്നില്ല. അല്ലെങ്കിൽ, വർജിക്കേണ്ട ഒന്നാണു് 'ടീച്ചർ ലുക്ക്' എന്നു് അവർ കരുതുന്നില്ലായിരിക്കാം.

(8 മാർച്ച്, 1987)

## 75. കണ്ണട കണ്ണിനകത്ത്

അകലേക്കു കാണാനുള്ള കഴിവു് രമണിയുടെ കണ്ണുകൾക്കു് ഇല്ലെന്നു് അറിവായതു് അവൾ രണ്ടാംക്ലാസ്സിൽ പഠിക്കുന്നകാലത്തായിരുന്നു. ടീച്ചർ ബോർഡിൽ എഴുതിയതൊന്നും വായിക്കാൻ അവൾക്കു സാധിച്ചിരുന്നില്ല. അതേസമയം, കൈയിലുള്ള പുസ്തകം—പാഠപുസ്തകം മാത്രമല്ല, മററു പുസ്തകങ്ങളും അവൾ പ്രയാസം കൂടാതെ വായിച്ചിരുന്നു.

'നിനക്കു കണ്ണിനു കാഴ്ച പോരാ. നാളെ നീ അച്ഛനെ വിളിച്ചുകൊണ്ടുവരണം.' ടീച്ചർ രമണിയോടു പറഞ്ഞു.

'അച്ഛനു നാളെ കമ്പനിയിൽ പണിയുണ്ടു് ടീച്ചർ.' രമണി മറുപടി നൽകി.

'എങ്കിൽ അമ്മ വന്നാലും മതി.' ടീച്ചർ നിർദേശിച്ചു.

പിറേറന്നു് രമണിയോടൊപ്പം സ്കൂളിലെത്തിയ അമ്മയോടു്, മകളെയുംകൂട്ടി കണ്ണാസ്പത്രിയിൽ പോകാൻ ടീച്ചർ ആവശ്യപ്പെട്ടു. അമ്മ വല്ലാതെ പരിഭ്രമിച്ചു. മകൾക്കു് കണ്ണു കാണാതെ ആയേക്കുമോ?

രമണിയെ പരിശോധിച്ച ഡോക്ടർ പറഞ്ഞു: 'സാരമില്ല. കുട്ടിയുടെ കണ്ണിന് ഒരു ചെറിയ തകരാറുണ്ട്. അവൾക്ക ദൂരക്കാഴ്ചയില്ല. കണ്ണടവയ്ക്കണം. ഞാൻ കുറിച്ചുതരാം. അതു കണ്ണടക്കടയിൽ കൊടുത്താൽ, പററിയ കണ്ണട അവർ തരും.'

കട്ടികൂടിയ ചില്ലുള്ള കണ്ണടയുംവെച്ച് സ്കൂളിൽ പോകാൻ ആദ്യമൊക്കെ രമണിക്ക മടിയായിരുന്നു. പക്ഷേ, കണ്ണട ധരിച്ചു ചെല്ലുന്ന തന്നെ ക്ലാസ്സിലെ മററു കുട്ടികൾ പ്രകടമായ അഭിനന്ദനത്തോടെയും ഗൂഢമായ അസൂയയോടെയുമാണു നോക്കുന്നതു് എന്ന് അവൾക്ക മനസ്സിലാവാൻ ഏറെ ദിവസങ്ങൾ വേണ്ടിവന്നില്ല. ക്രമേണ അവൾ കണ്ണടയുമായി പൊരുത്തപ്പെട്ടു. അതു് അവളുടെ വ്യക്തിത്വത്തിന്റെ ഭാഗമായിത്തീർന്നു.

പത്താംക്ലാസ് പാസ്സായതോടെ രമണിക്ക പഠിത്തം നിർത്തേണ്ടിവന്നു. അവളെ കോളേജിലയയ്ക്കാൻ പര്യാപ്തമായ ധനസ്ഥിതി രമണിയുടെ അച്ഛനുണ്ടായിരുന്നില്ല. അതിനാൽ രമണി ഏതാനും ദിവസം ഒരു കമ്മേഴ്സ്യൽ ഇൻസ്റ്റിററ്യൂട്ടിൽ ടൈപ്പ് അടിക്കാൻ പഠിച്ചു. കുറച്ചു കാലം അവൾ ഒരു തുന്നൽവിദ്യാലയത്തിലും പൊയ്ക്കൊണ്ടിരുന്നു.

ഇതിനിടയിലാണ് രമണിയുടെ അച്ഛൻ അവളുടെ വിവാഹത്തെപ്പററി ആലോചിച്ചതു്. മകളുടെ വരനായി അയാളുടെ സങ്കല്പത്തിലുണ്ടായിരുന്നതു തന്റെ ജ്യേഷ്ഠത്തിയുടെ മകനായ ഒരു ചെറുപ്പക്കാരനായിരുന്നു. കോളേജ് ബിരുദവും സാമാന്യം നല്ല ഒരു ജോലിയും അയാൾക്കുണ്ടായിരുന്നു.

പക്ഷേ, രമണിയെ വിവാഹംചെയ്യാൻ സമ്മതമാണോ എന്നു ചോദിച്ച അമ്മയോട് ആ ചെറുപ്പക്കാരൻ പറഞ്ഞു: 'എനിക്ക് അവളെ വേണ്ട.'

'കാരണം?' അമ്മ ചോദിച്ചു: 'അവൾക്കെന്താണ് ഒരു കുറവു്? പഠിപ്പുണ്ട്. കാണാൻ കൊള്ളാം. നല്ല ആരോഗ്യം. വലിയ അടക്കവും ഒതുക്കവും. നിന്റെ മുറപ്പെണ്ണുമാണ്.'

'കട്ടിച്ചില്ലുള്ള കണ്ണടവെച്ച അവളുടെ മുഖം കാണുമ്പോൾ എനിക്കോർമവരുന്നതു് കല്യാണിടീച്ചറെയാണ്. ഒരിക്കൽക്കൂടി നഴ്സറി ക്ലാസ്സിലിരുന്നു പഠിക്കാൻ എനിക്ക വയ്യ.' മകൻ ഒട്ടു തമാശയായും ഒട്ടു കാര്യമായും അമ്മയോടു പറഞ്ഞു.

അമ്മ നിർബന്ധിച്ചതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടായില്ല. കണ്ണടയോടുള്ള വിരോധത്തിൽ മകൻ ഉറച്ചുനിന്നു. ചിലർക്ക് അങ്ങനെയാണ്. നിസ്സാര കാര്യങ്ങളിലാണു കടുംപിടുത്തം.

വിവരമറിഞ്ഞപ്പോൾ രമണിക്ക വലിയ വിഷാദമായി. മുറച്ചെറുക്കനോട് അവൾക്ക പ്രണയമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും, ആ ചെറുപ്പക്കാരൻ തന്നെ തള്ളിപ്പറഞ്ഞതു് അവളുടെ അഭിമാനത്തെ വ്രണപ്പെടുത്തി.

രമണിയുടെ ഒരു കൂട്ടുകാരിയുടെ ജ്യേഷ്ഠത്തി മെഡിക്കൽ കോളേജിൽ പഠിക്കുന്നുണ്ടായിരുന്നു. കണ്ണടവെക്കാതെതന്നെ തനിക്ക ദൂരക്കാഴ്ച കിട്ടുവാൻ വല്ല മാർഗവുമുണ്ടോ എന്ന് ഒരിക്കൽ കണ്ടപ്പോൾ ഈ വിദ്യാർത്ഥിനിയോട് രമണി അന്വേഷിച്ചു.

'ഉണ്ടല്ലോ. നാളെ ഞാൻ കോളേജിൽ പോവുമ്പോൾ നീയും വാ. നിന്റെ കണ്ണുകളിൽ ലെൻസ്വെക്കാൻ പററുമോ എന്നു ഞാൻ നോക്കട്ടെ.' മെഡിക്കൽകോളേജ് വിദ്യാർത്ഥിനി രമണിയോടു പറഞ്ഞു.

മെഡിക്കൽകോളേജിൽ പോയിവന്ന രമണിയെക്കണ്ട് അവളുടെ അമ്മ അത്ഭുതപ്പെട്ടു. കട്ടിച്ചില്ലുള്ള തന്റെ കണ്ണട ഊരി പൊതിഞ്ഞു്

അവരം ഹാൻഡ്ബാഗിൽ വെച്ചിരുന്നു. എന്നിട്ടും അവളുടെ കാഴ്ചയിൽ ഒരുതരം വൈകല്യവും ഉണ്ടായിരുന്നില്ല.

കഥനീട്ടുന്നില്ല. രമണിയെ അവളുടെ മുറച്ചെറുക്കൻ ഒരെതിർപ്പും പറയാതെ വിവാഹംകഴിച്ചു. അവളുടെ ജീവിതം ആ വിധത്തിൽ സാഫല്യമടയാൻ സഹായിച്ചതു് 'കോൺടാക്ട് ലെൻസ്'' എന്ന ഉപകരണമായിരുന്നു.

കണ്ണടച്ചില്ലിന്റെ അതേ ധർമം നിർവഹിക്കുന്ന ഒരു കാചം (ലെൻസ്) കണ്ണിന്റെ ഉള്ളിൽ ഒററനോട്ടത്തിൽ തിരിച്ചറിയാത്തവിധത്തിൽ ധരിക്കുവാൻ പററുമോ? രണ്ടാം മഹായുദ്ധത്തിനുശേഷമാണു് ഈ ചോദ്യത്തിനു തൃപ്തികരമായ സമാധാനം ലഭിച്ചതു്. കണ്ണിന്റെയത്ര തന്നെ വലിപ്പംവരുന്ന ചില്ലു(ഗ്ലാസ്)കൊണ്ടു് ഉണ്ടാക്കിയ ലെൻസുകളാണു് ആദ്യം പരീക്ഷിക്കപ്പെട്ടതു്. പിന്നീടു പലതരം പ്ലാസ്റ്റിക്കുകരം ഈ ആവശ്യത്തിനു പററുമെന്നു് അറിവായി. ഇതോടൊപ്പം ലെൻസിന്റെ വലിപ്പം കുറയ്ക്കാനുംകഴിഞ്ഞു. ഇപ്പോരം സാധാരണയായി ഉപയോഗിക്കുന്ന കോൺടാക്ട് ലെൻസുകരംക്കു കൃഷ്ണമണിയുടെയത്ര വലിപ്പമേയുള്ളു—ചെറുവിരലിന്റെ നഖത്തിന്റെയത്ര വലിപ്പം എന്നു കൂട്ടിക്കൊള്ളു. കൃഷ്ണമണിയുടെ തെളിഞ്ഞ ഭാഗമായ കോർണിയയുടെ മുമ്പിൽ നേത്രകണ്ണീർപ്പാടയ്ക്കുമേൽ ഈ ലെൻസ് പൊന്തിക്കിടക്കുന്നു. സൂക്ഷിച്ചുനോക്കിയാലും അങ്ങനെയൊന്നു കണ്ണിലുണ്ടെന്നു് എളുപ്പത്തിലൊന്നും നിങ്ങരംക്കു മനസ്സിലാവില്ല.

ഖരവും (ഹാർഡ്) മൃദുവും (സോഫ്‌ററ്) എന്നു കോൺടാക്ട്ലെൻസുകരം പൊതുവേ രണ്ടുതരമുണ്ടു്. പോളിമെത്തിൽ മെത്താക്രൈലെററ്—(പി. എം. എം.) എന്നപേരിലറിയപ്പെടുന്ന അക്രൈലിക് പ്ലാസ്റ്റിക്കുകൊണ്ടാണു ഖരമായ കോൺടാക്ട്ലെൻസ് നിർമിക്കുന്നതു്. ഇതിനുള്ളിലൂടെ പ്രാണവായു ചോർന്നുകടക്കാത്തതിനാൽ ഇതു ധരിക്കുന്നവർക്കു കണ്ണിൽ ചില അസുഖങ്ങളൊക്കെ ഉണ്ടാവാൻ സാദ്ധ്യതയുണ്ടു്.

പോളിഹൈഡ്രോക്സി എതൈൽ മെത്താക്രൈലെററ് (പി. എച്ച്. ഇ എം.) എന്ന പേരിലറിയപ്പെടുന്ന പ്ലാസ്റ്റിക്കുകൊണ്ടു് ഉണ്ടാക്കിയവയാണു് ഇന്നു ധാരാളമായി ഉപയോഗിച്ചുവരുന്ന മൃദുലെൻസുകരം. എളുപ്പത്തിൽ വഴങ്ങിക്കൊടുക്കുന്ന ഇവ ധരിക്കാൻ സുഖമാണു്. പക്ഷേ, കാഴ്ച ശരിയായി കിട്ടുക ഖരലെൻസുകരം ധരിച്ചാലാണത്രേ. മൃദുലെൻസുകളിൽ മാലിന്യം പററാതെ സൂക്ഷിക്കാനും പ്രയാസം ഏറും. എങ്കിലും അതിലൂടെ കാററു ചോർന്നുകടക്കും.

അക്രൈലിക് പ്ലാസ്റ്റിക്കിൽ സിലിക്കോൺ ചേർത്തു് പ്രാണവായു ചോർന്നുകടക്കുന്ന ഖരലെൻസുകരം നിർമിക്കപ്പെടുന്നുണ്ടു്. എന്നാൽ ഇവയെ സാധാരണ വായുചോരാത്ത ഖരലെൻസുകളിൽനിന്നു തിരിച്ചറിയുക പ്രയാസമാണു്. നിർമാതാക്കളുടെ വാക്കു വിശ്വസിക്കുകയേ ഇവയുടെ കാര്യത്തിൽ സാദ്ധ്യമാകൂ.

ദൂരക്കാഴ്ചയില്ലായ്മ കുട്ടികളിൽ സാധാരണമായ ഒരു നേത്രരോഗമാണു്, ലെൻസുകൊണ്ടു് ഈ കുഴപ്പം പരിഹരിക്കാം. മുതിർന്നവർക്കെന്നപോലെ ചെറുകുട്ടികരംക്കും അപകടംകൂടാതെ ലെൻസു വെച്ചുകൊടുക്കാം. മുതിർന്നവർക്കുണ്ടാകുന്ന 'അസ്റ്റിഗ്മാററിസം' എന്ന രോഗത്തിനും കോൺടാക്ട്ലെൻസ് പ്രതിവിധിയാണു്. തിമിരത്തിനു ശസ്ത്രക്രിയ ചെയ്തവർക്കു കണ്ണടയേക്കാരം നല്ലതു് കോൺടാക്ട്ലെൻസ് ആണെന്നു ചില നേത്രചികിത്സകർക്കെങ്കിലും അഭിപ്രായമുണ്ടു്.

കണ്ണിൽ ദ്രവരൂപത്തിലുള്ള ഒരു മരുന്നു് ഒഴിച്ചശേഷമായിരുന്നു ചില്ലു(ഗ്ലാസ്)കൊണ്ടു നിർമിച്ച കോൺടാക്ട്ലെൻസ് ഘടിപ്പിച്ചിരുന്നതു്, പ്ലാസ്റ്റിക്കുകൊണ്ടുള്ള കോൺടാക്ട്ലെൻസ് ഔഷധപ്രയോഗ

മൊന്നുംകൂടാതെ നേരിട്ട കണ്ണിൽ ഘടിപ്പിക്കാം. പത്തോ, പന്ത്രണ്ടോ മണിക്കൂർ കഴിഞ്ഞാൽ ലെൻസ് കണ്ണിൽനിന്നെടുത്ത് ഉപ്പുവെള്ളത്തിൽ കഴുകി ഭദ്രമായി സൂക്ഷിക്കണം. പിന്നീട് ധരിക്കുന്നതിനു മുമ്പും ലെൻസ് ഉപ്പുവെള്ളത്തിൽ കഴുകണം. അതിൽ പോറലുകൾ വീഴാതെ നോക്കുകയുംവേണം.

കണ്ണിൽനിന്നെടുക്കാതെ എട്ടോ, പത്തോ ദിവസം തുടർച്ചയായി ഉപയോഗിക്കാവുന്ന ദീർഘകാല (എക്സ്ടെൻഡ്വെയർ) ലെൻസുകളും ഇപ്പോൾ കിട്ടാനുണ്ട്.

കണ്ണടയെ അപേക്ഷിച്ച് ലെൻസിനു പല ഗുണങ്ങളുമുണ്ട്. കണ്ണട ധരിക്കുമ്പോൾ ലഭിക്കുന്നതിനേക്കാൾ നല്ല സ്വാഭാവികമായ കാഴ്ച ലെൻസ് ധരിച്ചാൽ കിട്ടും. മുമ്പിലുള്ള വസ്തുക്കളുടെ കാഴ്ചപോലെ നല്ലതാവില്ല കണ്ണടവെക്കുമ്പോൾ വശങ്ങളിലുള്ള വസ്തുക്കളുടെ കാഴ്ച. ലെൻസിനെസ്സംബന്ധിച്ചിടത്തോളം മുൻകാഴ്ചയും വശക്കാഴ്ചയും തമ്മിൽ വ്യത്യാസമില്ല. കണ്ണട ഇടയ്ക്കിടെ എടുത്തു പൊടി തുടയ്ക്കണമല്ലോ. ലെൻസ് തുടയ്ക്കുന്ന പണി ഇമച്ചിമ്മുന്നതിനിടയ്ക്ക് ഇമകളുടെ ഉൾഭാഗംതന്നെ നിർവഹിച്ചുകൊള്ളും.

പൊതുജനങ്ങളുടെ മുമ്പിൽ പ്രകടനങ്ങൾ നടത്തേണ്ടവരായ നടന്മാർ, നടിമാർ, കായികാഭ്യാസികൾ, രാഷ്ട്രീയക്കാർ മുതലായവർക്കു തങ്ങളുടെ സൗന്ദര്യം നിലനിർത്താൻ കോൺടാക്ട്ലെൻസ് അത്യന്തം പ്രയോജനകരമാണ്. ക്രിക്കററ് മുതലായ കളികൾക്കിടയിൽ കണ്ണട പൊട്ടിപ്പോവാൻ സാദ്ധ്യതയുണ്ടല്ലോ. ലെൻസിന് ആ കുഴപ്പമില്ല. അതിനാൽ കളിക്കാർക്കും കണ്ണടയേക്കാൾ നല്ലതു് കോൺടാക്ട്ലെൻസ് ആണ്.

കുഴപ്പം ഒന്നേയുള്ളൂ; കോൺടാക്ട്ലെൻസ് ധരിക്കുന്നവർ കൂടെക്കൂടെ കണ്ണും ലെൻസും വിദഗ്ധരായ ഡോക്ടർമാരെക്കൊണ്ടു പരിശോധിപ്പിക്കണം.

ലക്ഷക്കണക്കിന് ആളുകൾ ഇപ്പോൾ കണ്ണുകൾക്കകത്തു കോൺടാക്ട്ലെൻസ് ധരിച്ചു നടക്കുന്നുണ്ടത്രേ. ബസ്സിലോ, തീവണ്ടിയിലോ നിങ്ങളുടെ അടുത്തിരിക്കുന്ന കണ്ണടവെക്കാത്ത സഹയാത്രികന്റെ കണ്ണിൽ സൂക്ഷിച്ചുനോക്കുക. ഒരുപക്ഷേ, അയാളുടെ കണ്ണിൽ ഒരു കോൺടാക്ട്ലെൻസ് ഉണ്ടായിരിക്കാം!

(25 ജനുവരി, 1988)

# 76. ഗ്രാമഫോൺ പ്ലെയ്ററിന് നൂറു വയസ്

ഗ്രാമഫോൺപ്ലെയ്ററുകൾ (റിക്കാർഡുകൾ) ശേഖരിച്ചുവയ്ക്കുകയും, അവ ഗ്രാമഫോണിൽവച്ചു കറക്കി, പാട്ടു കേട്ട് ആഹ്ലാദിക്കുകയും വൈക്കം മുഹമ്മദ്ബഷീറിന്റെ ഹോബി ആയിരുന്നു; ഇപ്പോഴും അതേ. ഇതേ ഹോബിയിൽ ആഹ്ലാദം കാണുന്ന വേറെയും ആളുകൾ ഉണ്ടാവാം. അവർക്ക്, വേണമെങ്കിൽ, ഈ ആണ്ടിലെ (1987) അവശേഷിച്ച മാസങ്ങളിൽ ഗ്രാമഫോൺ പ്ലെയ്ററിന്റെ ശതാബ്ദി ആഘോഷിക്കാം. കാരണം, ഇന്നു നാം കാണുന്ന തരത്തിലുള്ള ഗ്രാമഫോൺ റിക്കാർഡുകളുടെ